10 (*463) ഭൂഗർഭ ജലവികസന പദ്ധതികൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലവികസന പദ്ധതികൾ ആരംഭിച്ചത് എപ്പോഴെന്ന് വെളിപ്പെടുത്തുമോ;

(ബി) ഭൂഗർഭ ജലവികസന പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് വളരെ പരിമിതമായേ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഭൂഗർഭ ജല വിഭവസ്രോതസ്സ് പൂർണ്ണമായും വിനിയോഗിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തു ഭൂഗർഭ ജലവിഭവം വിനിയോഗിക്കുന്നതിനായി 9-ാം പദ്ധതിയിലൂടെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 1968-ൽ കൃഷി വകുപ്പിന്റെ ഭാഗമായിരുന്ന ഭൂജല വിഭാഗമാണ് സംസ്ഥാനത്ത് ഭൂജല വികസന പരിപാടികൾ നടപ്പിലാക്കിത്തുടങ്ങിയത്. 1983-ലെ വരൾച്ചക്കാലം മുതൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റികൾ കുഴൽ കിണറുകൾ കുഴിക്കുവാൻ തുടങ്ങി.

(ബി) ഉണ്ട്.

(സി) സംസ്ഥാന ഭൂജല വകുപ്പിനെ സംബന്ധിച്ചിടത്തോളം, ഇന്നു നിലവിലുള്ള സംവിധാനങ്ങളുടെയും വികസനത്തിന്റെയും അപര്യാപ്തതയും ആവശ്യത്തിനുള്ള സ്റ്റാഫിന്റെ അഭാവവും ഡ്രില്ലിംഗിനുപയോഗിക്കുന്ന യന്ത്രങ്ങളുടെ കാലപ്പഴക്കവുമാണ് പ്രധാന കാരണങ്ങൾ. വാട്ടർ അതോറിറ്റിയാണെങ്കിൽ മുഖ്യമായും ഉപരിതല സ്രോതസ്സുകളെ ആശ്രയിച്ചാണ് ശുദ്ധജലവിതരണ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. എന്നാൽ സമഗ്ര ശുദ്ധജല വിതരണ പദ്ധതികളിൽ ഉൾപ്പെടുത്താൻ കഴിയാത്ത ഒറ്റപ്പെട്ട പ്രദേശങ്ങളിലും ജലക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിലുമാണ് ഭൂജല ലഭ്യതയനുസരിച്ച് കുഴൽ കിണറുകൾ കുഴിക്കാറുള്ളത്. അതിനാൽ അതനുസരിച്ചുള്ള പ്രയോജനമേ ജനങ്ങൾക്ക് ലഭ്യമാകുന്നുള്ളൂ.

(ഡി) ഉണ്ട്. സംസ്ഥാനത്തെ ഭൂജലവിഭവ സ്രോതസ്സ് പൂർണ്ണമായും വിനിയോഗിക്കാൻ ഭൂജലവകുപ്പു നടപ്പാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:-

1. വാർഷിക പദ്ധതിയുടെ ഭാഗമായി 500 കുഴൽ കിണറുകൾ നിർമ്മിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ത്രിതല പഞ്ചായത്തുകൾ നടപ്പാക്കുന്ന ഭൂജലവികസന പദ്ധതികൾക്ക് സ്ഥാനനിർണ്ണയം, ഡിസൈൻ, നിർമ്മാണം എന്നിങ്ങനെ എല്ലാ ഘട്ടത്തിലും പൂർണ്ണമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നു. കൂടാതെ ഈ സ്ഥാപനങ്ങൾ വകുപ്പിനെ ഏൽപ്പിക്കുന്ന ഇത്തരം പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുകയും ചെയ്യുന്നു.

3. സംസ്ഥാനത്ത് ഭൂജല വിനിയോഗം (നിയന്ത്രണവും ക്രമീകരണവും) സംബന്ധിച്ച് ഒരു നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഈ ബില്ലിന്റെ കരടുരൂപം ആയിട്ടുണ്ട്. അസംതുലിതവും അശാസ്ത്രീയവുമായ ഭൂജല വികസനവും ഉപയോഗവും നിയന്ത്രിക്കുകയും ലഭ്യമായ സ്രോതസ്സ് ശാസ്ത്രീയമായി എല്ലാ കാലത്തും ഉപയോഗപ്പെടത്തക്കരീതിയിൽ വികസിപ്പിച്ചു പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം.

4. ചെറുകിട ഇടത്തരം കൃഷിക്കാർക്ക് കാർഷികാവശ്യങ്ങൾക്കായി, ബാങ്കു വായ്പയുടെ സഹായത്തോടെ നിർമ്മിക്കുന്ന കിണറുകൾക്ക് സ്ഥാന നിർണ്ണയം നടത്തുകയും പ്രസ്തുത കിണറുകൾ പരാജയപ്പെട്ടാൽ നഷ്ട പരിഹാരം നൽകുകയും ചെയ്യുന്നു.

5. എല്ലാവിഭാഗം ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ശാസ്ത്രീയമായി ഭൂജലം കണ്ടെത്തുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമാവശ്യമായ സാങ്കേതിക സഹായം നൽകുന്നു.

6. ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ച ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ, ആധുനിക സംവിധാനങ്ങളോടെ ഭൂജല സമ്പത്തിന്റെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഡേറ്റാ ബാങ്ക് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. ഡ്രില്ലിംഗിനാവശ്യമായ പുതിയ റിഗ്ഗുകൾ വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ)&(എഫ്) ഉണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ എല്ലാം തന്നെ 9-ാം പദ്ധതിക്കാലത്തു തുടരുന്നതാണ്. ഇതിനും പുറമേ ഡ്രില്ലിംഗ് യന്ത്രങ്ങൾ നവീകരിച്ചു. ഡ്രില്ലിംഗ് വേഗതയേറിയതും കാര്യക്ഷമതയേറിയതും ആക്കുന്നതിനു ഉദ്ദേശിക്കുന്നു. 9-ാം പദ്ധതിയിൽ ഭൂജല പദ്ധതികൾക്കായി 110 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ കാലയളവിൽ 2500 കുഴൽ കിണറുകൾ നിർമ്മിക്കുവാൻ ഉദ്ദേശമുണ്ട്.

11 (*464) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആശ്വാസ സഹായം

ശ്രീ. പി. രാഘവൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് എന്തെങ്കിലും ആശ്വാസ സഹായം നൽകിവരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly